**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2240** **11-03-2020-ൽ മറുപടിക്ക്**

## വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ<br>,, ഒ. ആർ. കേളു<br>,, ആന്റണി ജോൺ<br>,, എം. മുകേഷ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ടൂറിസം വികസനത്തിന് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വം അത്യന്താപേക്ഷിതമായതിനാൽ ഈ കേന്ദ്രങ്ങളിൽ സുരക്ഷയും പൊതുക്രമസമാധാന നിലയും മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ),<br>(ബി),<br>&<br>(സി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും സേവനമനുഷ്ഠിച്ചു വരുന്നു. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള കേരള |
| (ബി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | | |
| (സി) | പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ടൂറിസം മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണവും പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും | | |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് എന്ന സ്ഥാപനം മുഖേന 2018 ജൂൺ-ജൂലൈ കാലയളവിൽ 161 ടൂറിസം പോലീസുകാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br>വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരികയാണ്. കോവളം, വേളി, കനകകുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>അപകടസാധ്യതയുള്ള സാഹചര്യങ്ങളെ ക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |

**സെക്ഷൻ ഓഫീസർ**